മന്ത്രിമാർക്കെതിരെ ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണങ്ങളിൻമേലുള്ള അന്വേഷണം

4 [2434] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാരാണ് അഴിമതി, അമിതമായി സ്വത്ത് സമ്പാദിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഏതെല്ലാം കേസുകളുമായി ബന്ധപ്പെട്ടാണ് പ്രസ്തുത അന്വേഷണങ്ങൾ;

(സി) യു.ഡി.എഫ്. മന്ത്രിസഭയിലുണ്ടായിരുന്ന ഏതെങ്കിലും മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന വിജിലൻസ് പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണങ്ങൾ നിർത്തിവെച്ചിരുന്നത് വീണ്ടും അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മുൻമന്ത്രിമാരുടെ നിർത്തിവച്ചിരുന്ന വിജിലൻസ് അന്വേഷണമാണ് പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) വീണ്ടും അന്വേഷിക്കാൻ തീരുമാനിച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുൻമന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസുകളുടെ അന്വേഷണം നിർത്തിവച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രതിപക്ഷസമരംമൂലമുണ്ടായ നാശനഷ്ടങ്ങൾ

5 [2435] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ·

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷകക്ഷികൾ നടത്തിയ നിരവധി സമരങ്ങൾ അക്രമാസക്തമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം അക്രമസമരത്തിൽ പങ്കെടുത്തവർക്കെതിരെ എന്ത് നിയമനടപടിയാണ് സർക്കാർ കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിപക്ഷ അക്രമസമരങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർ പ്രതികളായിട്ടുണ്ട്; പ്രതികൾ ഏതൊക്കെ കക്ഷിയിൽപ്പെട്ടവരാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) അക്രമസമരങ്ങൾ കാരണം എത്ര രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സർക്കാർ തിട്ടപ്പെടുത്തിയ മറ്റ് നഷ്ടങ്ങളുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റക്കാർക്കെതിരെ PDPP Act, IPC എന്നിവയിലെ വിവിധ വകുപ്പുകൾ പ്രകാരം കേസെടുത്ത് അന്വേഷണം നടത്തി കോടതികളിൽ കുറ്റപത്രം സമർപ്പിച്ചുവരുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) & (ഇ) ഏകദേശം 5,52,22,553 രൂപയുടെ നഷ്ടം ഉണ്ടാക്കിയിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിന്റെ നിയമനം

6 [2436] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫ് നിയമനം ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്ന സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാം;

(സി) പേഴ്സൺ സ്റ്റാഫിൽ ജോലിചെയ്യുന്ന കാലയളവ് പ്രമോഷന് അർഹതപ്പെട്ടതാണോ;

(ഡി) എങ്കിൽ ഇത് എല്ലാ വകുപ്പുകൾക്കും ബാധകമാണോ?

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[27-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 5 (2435)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് മൊത്തം രജിസ്റ്റർ ചെയ്ത കേസുകൾ	..	1,459
പ്രതികളുടെ എണ്ണം	..	55,681
പ്രതികളുടെ കക്ഷിബന്ധം		
സിപി.എം./ഡി.വൈ.എഫ്.ഐ./സി.ഐ.ടി.യു./കെ.എസ്.കെ.ടി.യു.	..	41,083
സി.പി.ഐ./എ.ഐ.വൈ.എഫ്./എ.ഐ.എസ്.എഫ്./എ.ഐ.റ്റി.യു.സി.	..	1,233
ബി.ജെ.പി./ശിവസേന/ആർ.എസ്.എസ്./ഹിന്ദു ഐക്യവേദി/ എ.ബി.വി.പി./വി.എച്ച്.പി.	..	1,672
ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ കക്ഷികളും അവരുടെ യുവജന വിദ്യാർത്ഥി വിഭാഗങ്ങളിലും ഉൾപ്പെട്ടവർ	..	7,077
എൻ.ഡി.എഫ്.	..	4,289
പി.ഡി.പി.	..	65
ബി.എസ്.പി.	..	5
ദളിത് പാന്തേഴ്സ്	..	11
യുവജനവേദി	..	8
കേരളാ കോൺഗ്രസ് (ജോസഫ്)	..	25
സി.പി.ഐ. (എം.എൽ.)	..	30
ഇൻഫാം	..	3
എൻ.ജി.ഒ. യൂണിയൻ	..	16
ഐ.എൻ.എൽ.	..	20
ജനതാദൾ	..	114
എസ്.എസ്.ഒ.	..	2
കെ.എസ്.യു. (ഐ)	..	8
നാഷണൽ കോൺഗ്രസ് (ഐ)	..	16
ആർ.എസ്.പി.	..	4
ആകെ		**55,681**

LIBRARY ARCHIVES Kerala Legislative Assembly